# 44/2012-M

Maximum : 100 marks

Time : 1 hour and 15 minutes

1. കേരളത്തിലെ സാംസ്ക്കാരിക നഗരം :

   (A) തിരുവനന്തപുരം (B) കോട്ടയം

   (C) തൃശ്ശൂർ (D) കോഴിക്കോട്

2. താഴെ കൊടുത്തിരിക്കുന്നവയിൽ കിഴക്കോട്ടൊഴുകുന്ന നദി :

   (A) കബനി (B) കുന്തി

   (C) പമ്പ (D) ചാലിയാർ

3. പക്ഷി സംരക്ഷണ കേന്ദ്രം :

   (A) മൂന്നാർ (B) തട്ടേക്കാട്

   (C) പെരിയാർ (D) തേക്കടി

4. തെക്ക് കോവളം മുതൽ വടക്ക് കാസർഗോഡ് വരെ അറബിക്കടലിനു സമാന്തരമായി നീളുന്ന പ്രധാന ജലപാത :

   (A) കൊങ്കൺ പാത (B) മലബാർ പാത

   (C) വെസ്റ്റ് കോസ്റ്റ് കനാൽ (D) കൊച്ചി കായൽ

5. കേരളത്തിൽ എത്ര ലോകസഭാ മണ്ഡലങ്ങളുണ്ട്?

   (A) 20 (B) 30

   (C) 40 (D) 140

6. കോയമ്പത്തൂരിനെ പാലക്കാടുമായി കൂട്ടിയിണക്കുന്ന ചുരം :

   (A) കോയമ്പത്തൂർ ചുരം (B) പാലക്കാടു ചുരം

   (C) ആര്യങ്കാവു ചുരം (D) ചേരമ്പാടി ചുരം

7. പ്രാചീന കേരളത്തിൽ മൃതാവശിഷ്ടങ്ങൾ അടക്കം ചെയ്തിരുന്നത് :

   (A) കല്ലറകളിൽ (B) ശവകുടീരങ്ങളിൽ

   (C) നന്നങ്ങാടികളിൽ (D) മമ്മികളിൽ

8. കേരളത്തിലെ ജില്ലകളുടെ എണ്ണം :

(A) 14
(B) 15
(C) 20
(D) 40

9. കൊടുങ്ങല്ലൂരിന്റെ പഴയ പേര് :

(A) വളപട്ടണം
(B) തിണ്ടിസ്
(C) മുസ്‌രിസ്
(D) പറവൂർ

10. ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ പേര് :

(A) ദേവസ്വം
(B) ബ്രഹ്മസ്വം
(C) പണ്ടാരവക
(D) പാട്ടഭൂമി

11. കൊല്ലവർഷം ആരംഭിച്ചത് :

(A) B.C. 800
(B) A.D. 200
(C) A.D. 825
(D) B.C. 100

12. കെ.ആർ. നാരായണൻ ഇന്ത്യൻ രാഷ്ട്രപതിയായിരുന്ന കാലഘട്ടം :

(A) 1997–2002
(B) 2002–2007
(C) 1987–1992
(D) 1982–1987

13. നമ്മുടെ സംസ്ഥാന പക്ഷി :

(A) മയിൽ
(B) പ്രാവ്
(C) വേഴാമ്പൽ
(D) കാക്ക

14. കേരള സംസ്ഥാനം രൂപം കൊണ്ട വർഷം :

(A) 1947
(B) 1950
(C) 1956
(D) 1960

15. കേരളത്തിലെ ഉയരം കൂടിയ കൊടുമുടി :

(A) പൊൻമുടി
(B) കരികുളം
(C) ബാണാസുരമല
(D) ആനമുടി

16. ബേക്കൽ കോട്ട സ്ഥിതിചെയ്യുന്നത് ഏതു ജില്ലയിലാണ്?

(A) കണ്ണൂർ
(B) കോഴിക്കോട്
(C) കാസർഗോഡ്
(D) വയനാട്

17. കുണ്ടറ വിളംബരം നടത്തിയത് ആരാണ്?

(A) വേലുത്തമ്പി ദളവ

(B) പാലിയത്തച്ഛൻ

(C) മാർത്താണ്ഡവർമ്മ

(D) ശക്തൻ തമ്പുരാൻ

18. കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി :

(A) പമ്പ

(B) ഭവാനി

(C) ചാലിയാർ

(D) ഭാരതപ്പുഴ

19. തൃപ്പടിദാനം ശ്രീപത്മനാഭസ്വാമിയ്ക്ക് സമർപ്പിച്ചത് :

(A) ടിപ്പു സുൽത്താൻ

(B) മാർത്താണ്ഡവർമ്മ

(C) വേലുത്തമ്പി ദളവ

(D) ശക്തൻ തമ്പുരാൻ

20. കേരളത്തിലെ ഏറ്റവും വലിയ ജില്ല :

(A) തിരുവനന്തപുരം

(B) മലപ്പുറം

(C) കോഴിക്കോട്

(D) പാലക്കാട്

21. 1969-ൽ പാസ്സാക്കിയ ഭൂപരിഷ്ക്കരണ നിയമം ലക്ഷ്യമിട്ടത് :

(A) കൃഷിഭൂമിയ്ക്ക് പട്ടയം നൽകുക

(B) കാർഷിക ബന്ധ നിയമം

(C) ജന്മി സമ്പ്രദായം അവസാനിപ്പിച്ചു

(D) ഭൂനികുതി നിശ്ചയിച്ചു

22. ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്ന വർഷം :

(A) 2000

(B) 1990

(C) 1995

(D) 1950

23. ഇൻഡ്യൻ പഞ്ചവത്സര പദ്ധതി നിലവിൽ വന്ന വർഷം :

(A) 1947

(B) 1950

(C) 1951

(D) 1980

24. പാത്തുമ്മയുടെ ആട് എന്ന കൃതി രചിച്ചത് ആര്?

(A) തകഴി ശിവശങ്കരപ്പിള്ള

(B) എം.ടി. വാസുദേവൻ നായർ

(C) വൈക്കം മുഹമ്മദ് ബഷീർ

(D) എം. മുകുന്ദൻ

25. കേരളത്തിലെ ആദ്യത്തെ വനിതാ ഗവർണ്ണർ :

(A) സരോജിനി നായിഡു

(B) ജ്യോതി വെങ്കിടാചലം

(C) വിജയലക്ഷ്മി പണ്ഡിറ്റ്

(D) റാം ദുലാരി സിൻഹ

26. കേരളത്തിന്റെ നെല്ലറ :

(A) കോട്ടയം
(B) പാലക്കാട്
(C) വയനാട്
(D) ആലപ്പുഴ

27. കിഴക്കിന്റെ വെനീസ് എന്നറിയപ്പെടുന്ന സ്ഥലം :

(A) കൊടുങ്ങല്ലൂർ
(B) ആലപ്പുഴ
(C) കൊച്ചി
(D) കോഴിക്കോട്

28. പ്രായപൂർത്തി വോട്ടവകാശം ലഭിക്കാനുള്ള ഏറ്റവും കുറഞ്ഞ പ്രായം :

(A) 18 വയസ്സ്
(B) 20 വയസ്സ്
(C) 21 വയസ്സ്
(D) 25 വയസ്സ്

29. 2011-ലെ കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് :

(A) അക്കിത്തം
(B) ബാലാമണിയമ്മ
(C) എം.ടി. വാസുദേവൻ നായർ
(D) പെരുമ്പടം ശ്രീധരൻ

30. കേരള കലാമണ്ഡലത്തിന്റെ സ്ഥാപകൻ :

(A) തുഞ്ചത്തെഴുത്തച്ഛൻ
(B) വള്ളത്തോൾ നാരായണമേനോൻ
(C) ജി. ശങ്കരക്കുറുപ്പ്
(D) തകഴി ശിവശങ്കരപ്പിള്ള

31. കേരളഗാന്ധി എന്നറിയപ്പെടുന്ന വ്യക്തി :

(A) അയ്യങ്കാളി
(B) ശങ്കരാചാര്യർ
(C) കെ. കേളപ്പൻ
(D) ആർ. ശങ്കർ

32. മാമാങ്കം ഏതു നദിയുടെ തീരത്താണ് ആഘോഷിച്ചിരുന്നത്?

(A) ഭാരതപ്പുഴയുടെ
(B) പെരിയാറിന്റെ
(C) പമ്പാ നദിയുടെ
(D) കബനി നദിയുടെ

33. അറബിക്കടലിന്റെ റാണി :

(A) കൊച്ചി
(B) ആലപ്പുഴ
(C) തിരുവനന്തപുരം
(D) കോഴിക്കോട്

34. 2011-ലെ മികച്ച ദേശീയ നടൻ :

(A) മോഹൻലാൽ
(B) മമ്മൂട്ടി
(C) സലിം കുമാർ
(D) സുരേഷ് ഗോപി

35. ഇപ്പോൾ ഇൻഡ്യയിൽ ഉപയോഗിക്കുന്ന ഏറ്റവും ചെറിയ നാണയം :

(A) 20 പൈസ (B) 25 പൈസ

(C) 50 പൈസ (D) 1 രൂപ

36. പരിസ്ഥിതി സംരക്ഷണ ദിനം :

(A) മെയ് 5 (B) ആഗസ്റ്റ് 5

(C) ജൂലൈ 5 (D) ജൂൺ 5

37. കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി :

(A) സ. ഇ.എം.എസ്. നമ്പൂതിരിപ്പാട് (B) എ.കെ. ആന്റണി

(C) കെ. കരുണാകരൻ (D) സ. ഇ.കെ. നായനാർ

38. ഗാനഗന്ധർവ്വൻ എന്നറിയപ്പെടുന്ന ഗായകൻ :

(A) എം.ജി. ശ്രീകുമാർ (B) എം. ജയചന്ദ്രൻ

(C) മുഹമ്മദ് റാഫി (D) കെ.ജെ. യേശുദാസ്

39. ജനഗണമന, നമ്മുടെ ദേശീയ ഗാനത്തിന്റെ രചയിതാവ് :

(A) മൗലാനാ അബ്ദുൾകലാം (B) സരോജിനി നായിഡു

(C) ബങ്കിം ചന്ദ്ര ചാറ്റർജി (D) രവീന്ദ്രനാഥ ടാഗോർ

40. കേരളത്തിലെ ഇഞ്ചി ഗവേഷണ കേന്ദ്രത്തിന്റെ ആസ്ഥാനം :

(A) മണ്ണുത്തി (B) പട്ടാമ്പി

(C) അമ്പലവയൽ (D) വെള്ളായണി

41. കേരള പരാമർശമുള്ള ആദ്യത്തെ ശിലാരേഖ :

(A) അശോകന്റെ (B) മാർത്താണ്ഡവർമ്മയുടെ

(C) ശ്രീരാമന്റെ (D) ശ്രീബുദ്ധന്റെ

42. സാധു ജന പരിപാലന സംഘം രൂപീകരിച്ചത് ആരാണ്?

(A) ശ്രീനാരായണ ഗുരു (B) അയ്യങ്കാളി

(C) ചട്ടമ്പി സ്വാമികൾ (D) ഡോ. ബി.ആർ. അംബേദ്കർ

43. മലയാള ഭാഷയുടെ പിതാവ് :

(A) വള്ളത്തോൾ (B) ഉള്ളൂർ

(C) കുമാരനാശാൻ (D) തുഞ്ചത്തെഴുത്തച്ഛൻ

44. ശ്രീഹരിക്കോട്ടയിൽ നിന്ന് 2011 ജൂലൈ 15-ന് വിക്ഷേപിച്ച ഉപഗ്രഹത്തിന്റെ പേര് :

(A) എ.എസ്.എൽ.വി. (B) ചാന്ദ്രയാൻ
(C) ജി.സാറ്റ് - 12 (D) ഇൻസാറ്റ് - 1 C

45. കണ്ടൽ വനങ്ങൾ ഏറ്റവും കൂടുതൽ കാണപ്പെടുന്ന ജില്ല :

(A) കോഴിക്കോട് (B) ആലപ്പുഴ
(C) കണ്ണൂർ (D) എറണാകുളം

46. ഐ.എസ്.ആർ.ഒ. യുടെ ഇപ്പോഴത്തെ ചെയർമാൻ :

(A) കെ. രാധാകൃഷ്ണൻ (B) ജി. മാധവൻ നായർ
(C) ടി.കെ. അനുരാധ (D) എ.പി.ജെ. അബ്ദുൾകലാം

47. കേരള ഹൈക്കോടതിയിൽ ചീഫ് ജസ്റ്റീസായ ആദ്യത്തെ മലയാളി വനിത :

(A) ജസ്റ്റീസ് അന്നാ ചാണ്ടി (B) ജസ്റ്റീസ് കെ.കെ. ഉഷ
(C) ജസ്റ്റീസ് സുജാതാ വി മനോഹർ (D) ജസ്റ്റീസ് എം. ഫാത്തിമാ ബീവി

48. കേരളത്തിൽ സമുദ്രനിരപ്പിനു താഴെ നെൽകൃഷി ചെയ്യുന്ന പ്രദേശം :

(A) കുട്ടനാട് (B) തൃശ്ശൂരിലെ കോൾ നിലങ്ങൾ
(C) പട്ടാമ്പി (D) ആറന്മുള

49. വാസ്ക്കോഡഗാമ കേരളത്തിൽ ആദ്യമായി എത്തിച്ചേർന്ന സ്ഥലം :

(A) കാപ്പാട് (B) ബേപ്പൂർ
(C) കൊച്ചി (D) കൊടുങ്ങല്ലൂർ

50. കേരളത്തിലെ ആദ്യത്തെ വിദ്യാലയങ്ങൾ അറിയപ്പെട്ടിരുന്നത് :

(A) സ്കൂളുകൾ (B) കുടിപ്പള്ളിക്കൂടങ്ങൾ
(C) മതപാഠശാലകൾ (D) അംഗൻവാടികൾ

51. കേരളത്തിലെ ഏറ്റവും വലിയ കായൽ :

(A) അഷ്ടമുടി കായൽ (B) വേമ്പനാട്ട് കായൽ
(C) ശാസ്താംകോട്ട കായൽ (D) അഞ്ചുതെങ്ങ് കായൽ

52. സൈലന്റ്‌വാലി ഏതു ജില്ലയിലാണ്?

(A) വയനാട് (B) കണ്ണൂർ
(C) മലപ്പുറം (D) പാലക്കാട്

53. ഇടുക്കി ജലവൈദ്യുത പദ്ധതി സ്ഥിതിചെയ്യുന്നത് ഏതു നദിയിലാണ്?

(A) പെരിയാർ (B) മീനച്ചിലാർ

(C) പമ്പ (D) ഭാരതപ്പുഴ

54. ഗ്രാമസ്വരാജ് എന്ന ആശയം ആരുടേതാണ്?

(A) വിനോബാഭാവേ (B) ജവഹർലാൽ നെഹ്റു

(C) ഗാന്ധിജി (D) ഇന്ദിരാഗാന്ധി

55. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാർ നൽകുന്ന ബഹുമതിയാണ് :

(A) നിർമ്മൽ ഗ്രാമ പുരസ്ക്കാരം (B) ഗ്രാമ വികസന അവാർഡ്

(C) ജ്ഞാനപീഠം അവാർഡ് (D) ഗ്രാമ രക്ഷ അവാർഡ്

56. ക്ഷേത്ര പ്രവേശന വിളംബരം നടത്തിയ മഹാരാജാവ് :

(A) മാർത്താണ്ഡവർമ്മ (B) ശ്രീ ചിത്തിര തിരുനാൾ

(C) ശക്തൻ തമ്പുരാൻ (D) ഉത്രാടം തിരുനാൾ

57. ''മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി'' ഇത് ആരുടെ സന്ദേശം ആണ്?

(A) ശ്രീബുദ്ധൻ (B) ശ്രീനാരായണ ഗുരു

(C) ശ്രീരാമകൃഷ്ണ പരമഹംസർ (D) സ്വാമി വിവേകാനന്ദൻ

58. കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി :

(A) കെ. ചന്ദ്രശേഖർ (B) ടി.എം. ജേക്കബ്

(C) ജോസഫ് മുണ്ടശ്ശേരി (D) എം.എ. ബേബി

59. സിനിമയാക്കിയ ആദ്യ മലയാള നോവൽ :

(A) ബാലൻ (B) കുന്ദലത

(C) ഓടക്കുഴൽ (D) മാർത്താണ്ഡവർമ്മ

60. ഓടക്കുഴൽ പുരസ്ക്കാരം ഏർപ്പെടുത്തിയ സാഹിത്യകാരൻ :

(A) വള്ളത്തോൾ (B) ജി. ശങ്കരക്കുറുപ്പ്

(C) എം. മുകുന്ദൻ (D) ഉറൂബ്

61. പച്ചയും ചുവപ്പും ചേർന്നാൽ ലഭിക്കുന്ന വർണ്ണം :

(A) വെള്ള (B) സയൻ

(C) മഞ്ഞ (D) മജന്ത

62. ജീവകം ഡിയുടെ കുറവുകൊണ്ട് ഉണ്ടാകുന്ന രോഗം :

(A) സ്കർവി
(B) ബെറിബെറി
(C) കണ
(D) നിശാന്ധത

63. പഴങ്ങൾ കൃത്രിമമായി പഴുപ്പിക്കാൻ ഉപയോഗിക്കുന്ന രാസവസ്തു :

(A) കാത്സ്യം കാർബൈഡ്
(B) സാക്കറിൻ
(C) മെറ്റാലിൻ യെല്ലോ
(D) അജിനോമോട്ടോ

64. അപ്പക്കാരത്തിന്റെ രാസനാമം :

(A) സോഡിയം കാർബണേറ്റ്
(B) സോഡിയം ബൈകാർബണേറ്റ്
(C) പൊട്ടാസ്യം കാർബണേറ്റ്
(D) പൊട്ടാസ്യം ബൈകാർബണേറ്റ്

65. ഇന്ത്യയുടെ ആദ്യ കൃത്രിമ ഉപഗ്രഹം :

(A) ആര്യഭട്ട
(B) ഭാസ്കര
(C) രോഹിണി
(D) സ്പുട്നിക് - 1

66. പോളിയോ വാക്സിൻ കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ :

(A) ലൂയി പാസ്റ്റർ
(B) ആൽബർട്ട് സാബിൻ
(C) തിയഡോർ ഷ്വാൻ
(D) റോബർട്ട് ഹുക്ക്

67. ചീരയ്ക്ക് ചുവപ്പ് നിറം നൽകുന്നത് :

(A) സാന്തോഫിൽ
(B) ആന്തോസയാനിൻ
(C) ഹരിതകം
(D) കരോട്ടിൻ

68. ജലത്തിൽ ലയിക്കുന്ന ജീവകമാണ് :

(A) ജീവകം സി
(B) ജീവകം എ
(C) ജീവകം ഡി
(D) ജീവകം കെ

69. അന്തരീക്ഷവായുവിൽ ഏറ്റവും കൂടുതൽ അടങ്ങിയിട്ടുള്ള വാതകം :

(A) ഓക്സിജൻ
(B) നൈട്രജൻ
(C) കാർബൺ ഡൈ ഓക്സൈഡ്
(D) ഹൈഡ്രജൻ

70. വായുവിലൂടെ പകരാത്ത ഒരു രോഗമാണ് :

(A) ചെങ്കണ്ണ്
(B) വില്ലൻചുമ
(C) ചിക്കൻപോക്സ്
(D) മലമ്പനി

71. രാസമാറ്റത്തിന് ഉദാഹരണം :

(A) മെഴുക് ഉരുകുന്നത്
(B) ജലം ഐസാകുന്നത്
(C) വെള്ളം നീരാവിയാകുന്നത്
(D) പാൽ തൈരാകുന്നത്

72. ഏക കോശ ജീവി അല്ലാത്തത് :

(A) അമീബ
(B) ക്ലാമിഡോമോണസ്
(C) പാരമീസിയം
(D) ഹൈഡ്ര

73. ഡൈനാമോ കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ :

(A) സർ ഹംഫ്രീഡേവി
(B) അലക്സാണ്ടർ ഫ്ലമിംഗ്
(C) മൈക്കൽ ഫാരഡേ
(D) തോമസ് ആൽവാ എഡിസൺ

74. സ്യൂഡോഫലത്തിന് ഉദാഹരണമാണ് :

(A) നെല്ല്
(B) കശുവണ്ടി
(C) തേക്ക്
(D) റബ്ബർ

75. ഒന്നാം വർഗ്ഗ ഉത്തോലകം :

(A) നാരങ്ങാഞെക്കി
(B) പാക്കുവെട്ടി
(C) കത്രിക
(D) ചവണ

76. അൾട്രാസോണിക് ശബ്ദം പുറപ്പെടുവിക്കാൻ കഴിവുള്ള ഒരു ജീവി :

(A) പരുന്ത്
(B) അണ്ണാൻ
(C) വവ്വാൽ
(D) മാൻ

77. ശബ്ദത്തിന്റെ വേഗത ഏറ്റവും കൂടുതലുള്ള മാധ്യമം :

(A) ഖരം
(B) ദ്രാവകം
(C) വാതകം
(D) ശൂന്യത

78. ഗ്രാഫ്റ്റിങ്ങ് വഴി തൈകൾ ഉൽപാദിപ്പിക്കുന്ന ഒരു വിള :

(A) വാഴ
(B) പൈനാപ്പിൾ
(C) ഏലം
(D) പ്ലാവ്

79. ലോക പുകയില വിരുദ്ധ ദിനം :

(A) മെയ് 31
(B) ആഗസ്റ്റ് 31
(C) ഡിസംബർ 31
(D) ജനുവരി 31

80. ഉഭയജീവിക്ക് ഉദാഹരണം :

(A) മനുഷ്യൻ
(B) തവള
(C) സ്രാവ്
(D) കൊക്ക്

81. അടുത്ത സംഖ്യ ഏത്? 1, 9, 25, 49, ——

(A) 81
(B) 98
(C) 55
(D) 59

82. 12% സാധാരണപലിശ കണക്കാക്കുന്ന ഒരു സ്ഥാപനത്തിൽ നിന്ന് ഒരാൾ 50,000 രൂപ കടം വാങ്ങി. 2 വർഷത്തിനുശേഷം കടം തീർക്കുകയാണെങ്കിൽ അയാൾ എത്ര രൂപ തിരിച്ചടക്കണം?

(A) രൂ. 12,000
(B) രൂ. 72,000
(C) രൂ. 62,000
(D) രൂ. 50,000

83. റോമൻ സംഖ്യാ സമ്പ്രദായത്തിൽ 50 എഴുതുന്നത് എങ്ങനെ?

(A) D
(B) C
(C) L
(D) M

84. അജയൻ ഒരു ജോലി 2 മണിക്കൂറും അരുൺ 6 മണിക്കൂറും ചെയ്യു. രണ്ട് പേർക്കും കൂടി ലഭിച്ച കൂലി 800 രൂപയാണ്. ഈ തുക എങ്ങനെയാണ് വീതിക്കേണ്ടത്?

(A) അജയന് 200 അരുണിന് 600
(B) അജയന് 400 അരുണിന് 400
(C) അജയന് 300 അരുണിന് 500
(D) അജയന് 600 അരുണിന് 200

85. 1,000 രൂപയ്ക്ക് 2 വർഷത്തേക്ക് 180 രൂപയാണ് പലിശയെങ്കിൽ പലിശനിരക്ക് എത്ര?

(A) 18%
(B) 20%
(C) 10%
(D) 9%

86. $\sqrt{576} = \sqrt{400} +$

(A) $\sqrt{176}$
(B) $\sqrt{16}$
(C) $\sqrt{76}$
(D) ഇതൊന്നുമല്ല

87. അടുത്ത സംഖ്യ ഏത്? 0, 3, 8, 15, 24, ——

(A) 35
(B) 34
(C) 32
(D) 33

88. $\frac{3}{4}+\frac{1}{2}$ എത്രയാണ്?

(A) $1\frac{1}{2}$

(B) $\frac{4}{6}$

(C) 1

(D) $1\frac{1}{4}$

89. 2010 ജനുവരി 12 ചൊവ്വാഴ്ചയാണ്. എങ്കിൽ 2010 മാർച്ച് 10 ഏതാഴ്ചയാണ്?

(A) ശനി

(B) ചൊവ്വ

(C) ബുധൻ

(D) ഞായർ

90. കൂട്ടത്തിൽ ഏറ്റവും വലുത് ഏത്?

(A) $\frac{7}{10}$

(B) $\frac{5}{6}$

(C) $\frac{2}{3}$

(D) $\frac{4}{5}$

91. 18, 45, 90 എന്നീ സംഖ്യകളുടെ ഉ.സാ.ഘ. ഏത്?

(A) 18

(B) 45

(C) 90

(D) 9

92. ഒരു കച്ചവടക്കാരൻ കിലോഗ്രാമിന് 50 രൂപ വെച്ച് ഓറഞ്ച് വാങ്ങി കിലോഗ്രാമിന് 55 രൂപാ വെച്ച് വിറ്റു. അയാൾക്ക് ലഭിച്ച ലാഭശതമാനം എത്ര?

(A) 50%

(B) 5%

(C) 10%

(D) ലാഭമില്ല

93. അടുത്തതേത്? AZ, BY, CX, ——

(A) DE

(B) WD

(C) ED

(D) DW

94. താഴെ കൊടുത്തവയിൽ ഏതാണ് ഏറ്റവും ചെറുത്?

(A) 10.01

(B) 10.001

(C) 10.10

(D) 10.100

95. ഒരു കസേരയുടെ വില 750 രൂപയും ഒരു മേശയുടെ വില 3,500 രൂപയും ആണ്. 2 മേശയും 8 കസേരകൾക്കും കൂടി എത്ര വിലയാവും?

(A) രൂ. 13,000 (B) രൂ. 11,000

(C) രൂ. 10,000 (D) രൂ. 85,000

96. $52 \div 4 + 5 \times 8 - 2$ എത്ര?

(A) 51 (B) 36

(C) 142 (D) 108

97. $45^2 = 2025$. എങ്കിൽ $\sqrt{20.25}$ എത്ര?

(A) 0.45 (B) 4.5

(C) 45 (D) 0.045

98. ഒരാൾ തന്റെ സ്വത്തിന്റെ $\frac{2}{5}$ ഭാഗം മകനും $\frac{1}{3}$ ഭാഗം മകൾക്കും ബാക്കി ഭാര്യയ്ക്കും നൽകി. ഭാര്യയ്ക്ക് ലഭിച്ചത് ആകെ സ്വത്തിന്റെ എത്ര ഭാഗം?

(A) $\frac{5}{8}$ (B) $\frac{1}{2}$

(C) $\frac{4}{15}$ (D) $\frac{10}{15}$

99. 12.42 + 34.08 + 0.50 + 3 എത്ര?

(A) 50.50 (B) 109.50

(C) 500 (D) 50

100. ഒരാൾ 3,50,000 രൂപയ്ക്ക് വാങ്ങിയ കാർ 20% നഷ്ടത്തിന് വിറ്റാൽ വിറ്റവില എത്ര?

(A) രൂ. 2,50,000 (B) രൂ. 2,80,000

(C) രൂ. 3,00,000 (D) രൂ. 2,90,000

15